(സി) കരാർ റദ്ദുചെയ്തശേഷമേ അവശേഷിക്കുന്ന പണികളുടെ എസ്റ്റിമേറ്റ് ലഭ്യമാക്കാൻ കഴിയുകയുള്ളൂ.

(ഡി) കരാർ റദ്ദുചെയ്ത് പുതിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി നടപടികൾ പൂർത്തിയായാൽ മാത്രമേ പണി പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ.

ചേർത്തല നെടുമ്പ്രക്കാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

236 (4580) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല നെടുമ്പ്രക്കാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുഘട്ടംവരെയായി എന്ന് വിശദമാക്കുമോ ; നെടുമ്പ്രക്കാട് പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ തുക അനുവദിച്ച് വളരെക്കാലം കഴിഞ്ഞിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ വളരെ മന്ദീഭവിച്ച് നീങ്ങുന്നതിന് കാരണക്കാർ ആരാണെന്ന് വിശദമാക്കുമോ ;

(ബി) നെടുമ്പ്രക്കാട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിജ്ഞാപനം ഇറക്കുന്നതിന് മരാമത്ത് 'ഡി' സെക്ഷനിൽ ഫയൽ എത്തി മൂന്നുമാസം കഴിഞ്ഞാണ് വിജ്ഞാപനം ഉണ്ടായത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സർക്കാരിന്റെ വികസനപ്രവർത്തനങ്ങളുടെ ഭാഗമായ ഈ പാലം നിർമ്മാണത്തിന്റെ ഫയലിൽ വിജ്ഞാപനമുണ്ടാകുവാൻ ഇത്രയും മാസത്തെ കാലതാമസത്തിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) സെക്രട്ടേറിയറ്റിലെ മരാമത്ത് വിഭാഗം 'ഡി' സെക്ഷനിലെ ഈ ഫയൽ നടപടി എടുക്കാതെ വച്ചുതാമസിപ്പിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നെടുമ്പ്രക്കാട് പാലത്തിന്റെ ഫൗണ്ടേഷനിൽ വ്യത്യാസം അനിവാര്യമായി വന്നതുകൊണ്ടും അപ്രോച്ച് റോഡുകൾക്കുള്ള സ്ഥലം ഏറ്റെടുക്കുവാൻ താമസം വന്നതുകൊണ്ടും കരാറുകാരൻ പണി നിർത്തിവച്ചിരിക്കുകയാണ്.

(ബി) ഉണ്ട്.

(സി & ഡി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ശുപാർശ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അമിതമായ കാലതാമസമോ, മനഃപൂർവ്വമായ വീഴ്ചയോ ഉണ്ടായതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly